പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 06.02.2020-ൽ മറുപടിക്ക്

ചോദ്യം നം. 1439

## മുതലപ്പൊഴിയിലെ സാൻഡ് ബൈപാസിങ്ങ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അനിൽ അക്കര : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മുതലപ്പൊഴിയിൽ സാൻഡ് ബൈപാസിങ്ങ് നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിനുള്ളിൽ ആദ്യം ഉണ്ടായിരുന്ന ബ്രേക്ക് വാട്ടറിലെ കല്ലുകളും അവിടെ അടിഞ്ഞു കൂടിയിരുന്ന മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ ബോട്ട് ചാനലിന്റെ ആഴം മെസ്സേഴ്സ് അദാനി ഗ്രൂപ്പ് വഴി ഡ്രഡ്ജിംഗ് നടത്തി 5 മീറ്ററായി നിലനിർത്തിയിട്ടുണ്ട്. കൂടാതെ താഴംപള്ളിയിലെ തീരശോഷണത്തിനു പരിഹാരമായി KIIFB യിൽ ഉൾപ്പെടുത്തി 10 ഗ്രോയിനുകൾ (ചെറിയ പുലിമുട്ടുകൾ) നിർമ്മിക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. സ്ഥിരമായി ഇതേ ആഴം നിലനിർത്തുന്നതിനായി സാൻഡ് ബൈപാസിംഗ് പരിഗണനയിലുണ്ട്.<br>കടലിന്റെ അടിത്തട്ടിനു താഴേ കൂടി ഡ്രെഡ്ജിംഗ് പൈപ്പ് സ്ഥാപിച്ച് വടക്ക് താഴംപള്ളി ഭാഗത്തേക്ക് സാൻഡ് ബൈപ്പാസിംഗ് ചെയ്യുമ്പോൾ പൈപ്പ് ലൈനിൽ "ചോക്കിംഗ്" ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഇത് സംബന്ധിച്ചുള്ള പഠനം നടന്നു വരികയാണ്. ബ്രേക്ക് വാട്ടറിനു കുറുകെ മുകളിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിച്ച് സാൻഡ് ബൈപ്പാസ് ചെയ്യുന്ന കാര്യവും പരിഗണിച്ചു വരികയാണ്. പഠനങ്ങൾ പൂർത്തീകരിച്ച് സാൻഡ് ബൈപ്പാസിങ്ങിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (ബി) | മുതലപ്പൊഴി ഹാർബറിൽ അപകടങ്ങളിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണവും അവർക്ക് സർക്കാർ നൽകിയ നഷ്ടപരിഹാരത്തിന്റെ | (ബി) | മുതലപ്പൊഴി ഹാർബറിൽ അപകടങ്ങളിൽ മരിച്ച 10 മത്സ്യത്തൊഴിലാളികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

കണക്കും വെളിപ്പെടുത്താമോ?

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തീയതി |
|---|---|---|
| 1 | വിക്ടർ ജോസഫ് | 14.08.2017 |
| 2 | ദാസൻ ഔസേഫ് | 02.06.2018 |
| 3 | വർഗ്ഗീസ് സിൽവയ്യ | 22.06.2018 |
| 4 | ബിനു ഫ്രാൻസിസ് | 10.07.2018 |
| 5 | വർഗ്ഗീസ് അത്തനാസ് | 13.07.2018 |
| 6 | പനിയടിമ പീറ്റർ | 13.07.2018 |
| 7 | കാർമ്മൽ ലാസർ | 11.08.2018 |
| 8 | സഹായ രാജു | 11.08.2018 |
| 9 | ലാസർ തോമസ് | 12.08.2019 |
| 10 | റോക്കി ബെൻഞ്ചിലാസ് | 12.08.2019 |

മേൽപ്പറഞ്ഞ മത്സ്യത്തൊഴിലാളികളിൽ കാർമ്മൽ ലാസർ ഒഴികെയുള്ളവർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരായിരുന്നു. ക്രമ നം. 8,10 ഒഴികെ മറ്റുള്ളവരുടെ അപകട ഇൻഷ്വറൻസ് അപേക്ഷകൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനികൾക്ക് അയച്ചിരുന്നു. ക്രമ നമ്പർ 8 ശ്രീ. സഹായരാജുവിന്റെ അപേക്ഷ മത്സ്യബോർഡ് തിരുവനന്തപുരം മേഖല കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ക്രമ നമ്പർ 10 ശ്രീ. റോക്കി ബെൻഞ്ചിലാസിന്റെ അപേക്ഷ മേഖല കാര്യാലയത്തിൽ ലഭ്യമാവുകയും ആയതിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയ അപേക്ഷകളിൽ ശ്രീ. വിക്ടർ ജോസഫ്, ശ്രീ. ദാസൻ ഔസേഫ് എന്നിവരുടെ ഇൻഷ്വറൻസ് തുക 10,00,000/- രൂപ വീതം അവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ